## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - റേഡിയോഗ്രാഫർ തസ്തികയിലെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഉത്തരവ് നം. ഇ.എഫ്.3-67485/20/ആ.വ.ഡ., തീയതി: 04/09/2020.
2. സർക്കുലർ നം. എ3-246/20/ഹെൽത്ത്-ആ,കു,വ, തീയതി: 29/09/2020.
3. വിവിധ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമായ അപേക്ഷകൾ.
4. 27/092018 –ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 2979/2018/ആ.കു.വ.

**ഉത്തരവ് നം. ഇ.എഫ്.3-67485/2020/ആ.വ.ഡ., തീയതി : 14/10/2020.**

മേൽ പരാമർശം (1) പ്രകാരം ആരോഗ്യ വകുപ്പിലെ റേഡിയോഗ്രാഫർ തസ്തികയിലെ 2020 വർഷത്തിലെ പൊതു സ്ഥലംമാറ്റത്തിന്റെ കരട് പട്ടിക, അപ്പീലുകൾ ക്ഷണിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ കോവിഡ് - 19 മഹാമാരിയുടെ സവിശേഷ സാഹചര്യവും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട് ആരോഗ്യവകുപ്പിലെ ഈ വർഷത്തെ പൊതു സ്ഥലംമാറ്റം കോവിഡ് വ്യാപനം ശമിയ്ക്കുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കേണ്ടതുള്ളൂ എന്ന് മേൽ പരാമർശം (2) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരിക്കുന്നു. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലോ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലോ, പൊതു താൽപര്യത്തിന്റേയോ ഭരണപരമായ സൗകര്യത്തിന്റേയോ അടിസ്ഥാനത്തിലുള്ള അടിയന്തിര സാഹചര്യങ്ങളിലോ, അച്ചടക്ക നടപടികളുടെ ഭാഗമായോ സ്ഥാനക്കയറ്റത്തിന്റെ ഫലമായ അനിവാര്യമാകുന്ന സ്ഥലംമാറ്റങ്ങൾ പരിഗണിക്കേണ്ടതാണെന്ന് മേൽ പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ റേഡിയോഗ്രാഫർ തസ്തികയിലെ നിലവിലുള്ള അപേക്ഷകളിലേയ്ക്ക് പരാമർശം (3) പ്രകാരം പരിശോധിച്ച്, പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റേയും, 29/09/2020 -ലെ എ3-246/20 സർക്കുലറിന്റേയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥലം | സ്ഥലംമാറ്റം അനുവദിക്കപ്പെട്ടത് | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി സുബൈദ എ.<br>ജില്ലാ ആശുപത്രി, ആലപ്പുഴ | ജനറൽ ആശുപത്രി,<br>തിരുവനന്തപുരം | 2 വർഷത്തിനുള്ളിലെ റിട്ടയർമെന്റ് |
| 2. | ശ്രീമതി പ്രിയ ആർ. വി.<br>താലൂക്ക് ആസ്ഥാന ആശുപത്രി,<br>കായംകുളം, ആലപ്പുഴ | സ്ത്രീകളുടേയും കുട്ടികളുടേയും<br>ആശുപത്രി, തൈക്കാട്,<br>തിരുവനന്തപുരം | അനുകമ്പാർഹമായ പരിഗണന |
| 3. | ശ്രീമതി പത്മകുമാരി കെ.<br>താലൂക്ക് ആശുപത്രി<br>ശാസ്താംകോട്ട, കൊല്ലം | ജനറൽ ആശുപത്രി,<br>തിരുവനന്തപുരം | 2 വർഷത്തിനുള്ളിലെ റിട്ടയർമെന്റ് |
| 4. | ശ്രീമതി ദീപ എസ്.<br>ജില്ലാ ആശുപത്രി,<br>പെരിന്തൽമണ്ണ, മലപ്പുറം | ജനറൽ ആശുപത്രി,<br>തിരുവനന്തപുരം | അനുകമ്പാർഹമായ പരിഗണന |
| 5. | ശ്രീമതി ശ്രീലേഖ ബി.<br>ജില്ലാ ആശുപത്രി, ആലപ്പുഴ | താലൂക്ക് ആസ്ഥാന ആശുപത്രി,<br>ശാസ്താംകോട്ട, കൊല്ലം | പരാമർശം (4) -ന്റെ അടിസ്ഥാനത്തിൽ |
| 6. | ശ്രീമതി ഉഷാരമോൾ<br>താലൂക്ക് ആശുപത്രി<br>പീരുമേട്, ഇടുക്കി | ജില്ലാ റ്റി.ബി. സെന്റർ,<br>തിരുവനന്തപുരം | അനുകമ്പാർഹമായ പരിഗണന |

| | | | |
|---|---|---|---|
| 7. | ശ്രീമതി ബിന്ദുലേഖ<br>ജില്ലാ ആശുപത്രി<br>തൊടുപുഴ, ഇടുക്കി | ജനറൽ ആശുപത്രി, പത്തനംതിട്ട | അനുകമ്പാർഹമായ പരിഗണന |

മേൽ പരാമർശിച്ച ജീവനക്കാർ വിടുതൽ ചെയ്യുന്ന തീയതിയും ജോലിയിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടിക്രമങ്ങൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ. ബിന്ദുമോഹൻ
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്:

ബന്ധപ്പെട്ട ജീവനക്കാർ.

പകർപ്പ്:-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ.
2. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ/സൂപ്രണ്ട്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

13

ജിആർആർ-04/02